**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **30-09-2025 - ൽ മറുപടിയ്ക്ക്**

**ശുചിത്വ മിഷൻ മുഖേനയുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശുചിത്വ മിഷൻ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകൾ മുഖേന ശുചിത്വ മിഷൻ, 'ടേക്ക് എ ബ്രേക്ക്' ടോയ് ലെറ്റ് പദ്ധതി, വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, എം.സി.എഫ്, മിനി എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ നിർമ്മാണം, ഏയ്റോബിക് കമ്പോസ്റ്റ്, ബയോഗ്യാസ് എന്നിവയുടെ നിർമ്മാണം , ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ, ഉറവിടമാലിന്യ ഉപാധികൾ സ്ഥാപിക്കൽ എന്നിവയാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>2025-26 സാമ്പത്തിക വർഷം സ്വച്ച് മിഷൻ (ഗ്രാമീൺ) ഫണ്ടിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 5 കോടി രൂപയും സംസ്ഥാന വിഹിതവും ചേർത്ത് ആകെ 8.33 കോടി രൂപയാണ് പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ലഭ്യമായിരുന്നത്. ആയതിനാൽ എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത അലോട്ട്മെന്റായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ള 25 കോടി രൂപ ലഭ്യമാകുന്നതനുസരിച്ച് എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കാൻ കഴിയുന്നതാണ്. |
| (സി) | നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ ഏകദേശം 75 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള എം.സി.എഫ്. ബിൽഡിംഗിന് ശുചിത്വമിഷൻ ഫണ്ട് ലഭ്യമാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്<br><br>തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ 75 ലക്ഷം രൂപ വകയിരുത്തി എം.സി.എഫ് ബിൽഡിംഗ് നിർമ്മാണ പദ്ധതി ആരംഭിച്ചുവെങ്കിലും നിലവിൽ അടങ്കൽ തുക 45 ലക്ഷമാക്കി കുറച്ചിട്ടുണ്ട്. ഇതിൽ 11,83,857/- രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി ശുചിത്വ മിഷൻ വിഹിതമായി അനുവദിക്കേണ്ട 13,60,063/- രൂപ ഫണ്ട് ലഭ്യമാകുന്ന മുറക്ക് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ